(ബി) നിർവ്വഹണ ഏജൻസികൾക്ക് വിവിധ വികസന പദ്ധതികളുടെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി സംബന്ധിച്ച വിവരങ്ങൾ സമയാസമയങ്ങളിൽ ഓൺലൈനായി രേഖപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനും വിവിധ വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ എന്നിവർക്ക് പദ്ധതി നിർവ്വഹണ പുരോഗതി നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും പ്ലാൻ സ്പേസിൽ സൗകര്യമുണ്ട്.

(സി) സംസ്ഥാന സർക്കാർ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻറ് മാനേജ്മെന്റ് - കേരളം (IIITK) എന്ന സ്ഥാപനമാണ് പ്ലാൻ സ്പെയ്സ് ഒരുക്കാനായി വേണ്ട സാങ്കേതിക സഹായം നൽകുന്നത്. കൂടാതെ പദ്ധതി നിർവ്വഹണം നടത്തുന്ന എല്ലാ വകുപ്പ് മേധാവികളും നിർവ്വഹണ ഏജൻസികളും പ്ലാൻ വിവരങ്ങൾ നൽകുന്നതിന് സഹകരിക്കുന്നു.

പദ്ധതികളുടെ സുഗമമായ നിർവ്വഹണം

50 (T 1418) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ പദ്ധതികളുടെ നിർവ്വഹണത്തിന് തടസ്സമായി നില്ക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാനങ്ങൾ വിശദമാക്കാമോ ;

(ബി) പദ്ധതികളുടെ പുരോഗതിക്ക് തടസ്സമായി കരുതുന്ന ഏതൊക്കെ ചട്ടങ്ങളാണ് കണ്ടെത്തിയിട്ടുള്ളത് ; എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത് ?

ഉത്തരം

(എ&ബി) വിവിധ പദ്ധതികളുടെ നിർവ്വഹണത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി വിളിച്ചുചേർത്തയോഗത്തിൽ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പ്രോജക്ട് മോണിറ്ററിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ആരംഭിച്ച കേന്ദ്ര സ്ഥാപനങ്ങളും പ്രോജക്ടുകളും

51 (T 1419) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ആരംഭിച്ച കേന്ദ്ര സ്ഥാപനങ്ങളും പ്രോജക്ടുകളും ഏതെല്ലാമെന്നും അവയുടെ മുതൽ മുടക്കുകൾ എത്രയെന്നും വ്യക്തമാക്കുമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്ഥലം ലഭ്യമാകാത്തതുമൂലം പുതുതായി ഏതെങ്കിലും പ്രോജക്ടുകൾ ആരംഭിക്കുന്നതിന് തടസ്സം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ ഏതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പന്ത്രണ്ടാം പദ്ധതി

52 (1420) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പന്ത്രണ്ടാം പദ്ധതിയുടെ ആകെ അടങ്കൽ തുക എത്രയെന്നറിയിക്കുമോ ;

(ബി) പന്ത്രണ്ടാം പദ്ധതിയുടെ ഇതുവരെയുള്ള വാർഷിക പദ്ധതിയുടെ ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) പന്ത്രണ്ടാം പദ്ധതിയുടെ ആകെ അടങ്കൽ തുക 1,02,000 കോടി രൂപയാണ്.

(ബി) പദ്ധതി ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ താഴെച്ചേർക്കുന്നു :

വർഷം	പദ്ധതി വിഹിതം (കോടിയിൽ)	ചെലവ് (കോടിയിൽ)	ശതമാനം
2012-13	14010	12181	86.94
2013-14	17000	13775	81.00
2014-15	20000	14251	71.26

കേന്ദ്രാവിഷ്കൃത പദ്ധതി

53 (T 1421) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 മേയ് മുതൽ കേന്ദ്രാവിഷ്കൃത പദ്ധതിവഴി സംസ്ഥാനത്തിന് ലഭിച്ച ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly